# ഷെഹറസാദ് 1001 mg

നിരഞ്ജൻ



ഷെഹറസാദ് 1001 mg
Niranjan
(Malayalam: Poems)

© 2021, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Odalisque, a painting by Richter and Gustav Karl Ludwig. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 നവംബർ ഒന്ന്
വൈകുന്നേരം . . . . . . . . . . . . 4

2 ഏകാന്തം . . . . . . . . . . . . . . . 5

3 ഷെഹറസാദ് 1001 mg . . . . 6

4 മഴ നനഞ്ഞോടുന്ന ഒരു
തീവണ്ടി... . . . . . . . . . . . . . . . 7

5 സ്പർശം . . . . . . . . . . . . . . . . . 8

# 1

## നവംബറിലൊരു വൈകുന്നേരം



പെൻഷൻ വാങ്ങാൻ കാത്തുനിൽക്കുന്ന
വിധവയെപ്പോലെ
വിളറി ക്ഷീണിച്ച
അഞ്ചുമണിവെയിൽ
വിശേഷങ്ങൾക്ക് പതാകയുയർത്തുന്ന
തൊഴിലുറപ്പിന്റെ കൂലിവാങ്ങിക്കാൻ
ചവിട്ടുപടിയിൽ ഒടിഞ്ഞുമടങ്ങിയിരിക്കുന്ന
അവശനായ കൊടിമരനിഴൽ
ഭവനപദ്ധതിയിൽപ്പെടുത്താൻ
നൂറായിരാമത്തെത്തവണ
പഞ്ചായത്താപ്പീസിൽ ചുറ്റിക്കറങ്ങുന്ന
ശ്വാസം മുട്ടലുള്ള വയസ്സൻ കാറ്റ്
ആരെയും ഗൗനിക്കാതെ
വാനിറ്റിബാഗ് വള്ളിയും
പുള്ളിക്കുടയും തൂക്കി
ആപ്പീസുപൂട്ടിയിറങ്ങുന്ന
വേഷ്ടിയും മുണ്ടുമുടുത്ത
തടിച്ചുരുണ്ട മലയാളം

പടിഞ്ഞാറൊരുങ്ങുന്നുണ്ട്
ചുവന്ന ബ്ലൗസിട്ട
കുടുംബശ്രീമേഘങ്ങളുടെ
പ്രതിഷേധപ്രകടനം.

## 2

# ഏകാന്തം



ഏറെ നേരമായ് രാവിന്റെ മൗനമീ
നീലപ്പരപ്പിൽ പൊഴിഞ്ഞുവീഴുന്നു

ഒരുനിലാച്ചീളിന്റെ ചിരിയിളക്കം
ഒരു കുഞ്ഞുകാറ്റിന്റെ കയ്യിളക്കം

അത്ര മാത്രം മതി

ഒരു കടലോളമോർമ്മകൾ
തിരയടിച്ചെത്തുവാൻ
ആഴത്തിലായിരം
കണ്ണീർപ്പൊടിപ്പുകൾ
മുത്തായി മാറുവാൻ
പവിഴത്തുരുത്തുകൾ
താനേ കുരുക്കാൻ
അടിത്തട്ടിലെന്തോ
തുടിക്കുന്ന മാത്രയിൽ
തീ തിന്നുവിങ്ങുമൊരു
ദ്വീപായൊതുങ്ങാൻ

ഒരു നിലാച്ചീളിന്റെ ചിരിയിളക്കം
ഒരു കുഞ്ഞുകാറ്റിന്റെ കയ്യിളക്കം

അത്ര മാത്രം മതി...

(ജനുവരി 2011)

## 3

# ഷെഹറസാദ് 1001 mg



ശിരസ്സരിഞ്ഞിട്ട സ്വപ്നങ്ങൾക്കൊപ്പം
മുറിഞ്ഞുപോയ നിദ്രയുടെ
അനേകരാവുകൾക്കൊടുവിൽ
ശയനശയ്യയിലൊരുവൾ
കൂടെയിരിക്കാൻ വന്നു
നിലാവ് പൊടിച്ചുവാർത്ത ഗുളികകൾക്കൊപ്പം
ആയിരത്തൊന്ന് കഥകൾ പറഞ്ഞു
നൂറായിരം വിരൽസ്പർശങ്ങൾ
ഇഴചേർത്തുതുന്നിയ
മൃദുവായ പുതപ്പുകൾക്കടിയിൽ
അത്തറിന്റെ മണമുള്ള ചുംബനങ്ങൾ
പൂക്കളെന്നപോൽ വിതറിയിട്ടു


നനഞ്ഞ നീല പടർന്ന ആകാശത്തിലേക്ക്
അലക്ഷ്യമായ് നിവർത്തിയിട്ട
അബോധത്തിന്റെ കപ്പൽപ്പായകൾക്കൊത്ത്
സിൻബാദ് യാത്രയാരംഭിച്ചു

കുടത്തിലേക്ക് തിരിച്ചുകയറിയ
അഹങ്കാരിയായ ഭൂതത്തെപ്പോലെ
എടുത്തെറിയപ്പെടാൻ പോകുന്ന ഒരു ജീവിതം
കപ്പൽത്തട്ടിൽ കാത്തുകിടന്നു
(ഓർമ്മപ്പുസ്തകങ്ങൾ അടുക്കിവെച്ച
കണ്ണാടിയലമാരയ്ക്കുള്ളിലെ
അറേബ്യൻ രാവുകളിൽ നിന്ന്
നിശാവസ്ത്രമണിഞ്ഞ പിംഗളകേശിനി
മുഖപടമഴിച്ചുവെച്ച്
ആരോഗ്യനികേതനിലേക്ക് നടന്നുകയറി)

ഒടുവിൽ
അടയാളങ്ങൾ ബാക്കിവെയ്ക്കാതെ
തുറന്നടഞ്ഞുപോയ ഒരു നിലവറയ്ക്കുമുമ്പിൽ
ഉപേക്ഷിക്കപ്പെട്ടപോലെ
ഉണർന്നെണീക്കുന്ന വരെ
ഏകാകിയായ ഷഹരിയാറിന്റെ
നാഡിയിൽ വിരൽ തൊട്ടിരുന്നത്
ആരാണ്...!?

# — 4 —

# മഴ നനഞ്ഞോടുന്ന ഒരു തീവണ്ടി...



മഴയിലേക്ക്
മല കയറുമ്പോഴും
കിതയ്ക്കുന്ന തീയിന്
വിയർക്കുന്നുണ്ട്

എങ്കിലും
ഒരായിരം ജനാലകളിൽ
മഴയുടെ ചതുരക്കാഴ്ചയിലേക്ക്
ഒട്ടേറെ നോട്ടങ്ങളുടെ കൗതുകം
കൂടെ വരുന്നുണ്ടെന്ന തോന്നൽ...

കിതപ്പിന്
ഒരർത്ഥമുണ്ട്...
വിയർപ്പ് മാറാത്തത്...
മഴനനവുള്ളത്...

(ജനുവരി 2011)

# 5





ഭൂമി... ജലം... വായു... അഗ്നി... ആകാശം
ഞാൻ എന്ന അവസ്ഥയുടെ
കാരണങ്ങളത്രയും
പല പെരുക്കങ്ങളായി
ഇപ്പോൾ വിരൽത്തുമ്പിലുണ്ട്

ഒരുകോടി അഗ്നിപർവ്വതങ്ങളെ
പൊട്ടിത്തെറിക്കാതെയൊതുക്കിയ ഭൂമി
ഒരുകോടി തിരകളെ
പ്രക്ഷുബ്ധമാവാതെയൊതുക്കിയ ജലം
ഒരുകോടി നിശ്വാസങ്ങളെ
പൊള്ളാതെയൊതുക്കിയ വായു
ഒരു കോടി മരച്ചില്ലകളിലായി
ഉരഞ്ഞുകത്താതെയൊതുങ്ങിയ അഗ്നി
ഒരു കോടി മേഘങ്ങളെ
പെയ്യാതെയൊതുക്കിയ ആകാശം
തൊടണമെന്ന തോന്നലിനെ
ഞാനെന്ന അവസ്ഥയുടെ
സ്ഥലകാലങ്ങളിൽ നിന്ന്
ഇതിലുമെളുപ്പത്തിൽ
വിശദീകരിക്കുന്നതെങ്ങിനെ...!?

□

## നിരഞ്ജൻ



പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം.
മറൈൻ എൻജിനീയർ, വിവാഹിതൻ.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014